"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് ആർട്സ് &സയൻസ് കോളേജുകൾ - നാട്ടിക എസ്.എൻ. കോളേജിൽ 3 മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.269/2023/HEDN തീയതി,തിരുവനന്തപുരം, 12-05-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം. 471/2020/ഉ.വി.വ തീയതി 30.12.2020

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 24.12.2021-ലെ ഡി4/12397/2020/കോ.വി.വ നമ്പർ കത്ത്

3. ശ്രീ നാരായണ കോളേജുകളുടെ മാനേജരുടെ 13.01.2023-ലെ 5/6013 നമ്പർ കത്ത്

**ഉത്തരവ്**

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് പി.ജി. വെയ്റ്റേജ് ഇല്ലാതെ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാണെന്ന് കർശനമായി ഉറപ്പു വരുത്തി, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ പരാമർശം (1) ഉത്തരവ് പ്രകാരം721 പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ടി ശിപാർശയിൽ നാട്ടിക എസ്.എൻ. കോളേജിന് അനുവദനീയമായിരുന്ന 3 മലയാളം അദ്ധ്യാപക തസ്തികകൾ ഉൾപ്പെട്ടിരുന്നില്ല. ഈ അപാകത പരിഹരിച്ച് നാട്ടിക എസ്.എൻ. കോളേജിൽ 3 മലയാളം തസ്തികകൾ സൃഷ്ടിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് എസ്.എൻ. കോളേജ് മാനേജർ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും ആയത് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. പി.ജി. വെയ്റ്റേജ് ഇല്ലാതെ 16 മണിക്കൂർ നിർബന്ധിത ജോലിഭാരം കർശനമായി ഉറപ്പ് വരുത്തി പരാമർശം (1) പ്രകാരം സംസ്ഥാനത്തെ വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ സ്യൃഷ്ടിച്ച പുതിയ അധ്യാപക തസ്തികകളിൽ ഉൾപ്പെടാതെ പോയ 3 മലയാളം അദ്ധ്യാപക തസ്തികകൾ നാട്ടിക എസ്. എൻ. കോളേജിൽ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹരി കുമാർ ജി

അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

രജിസ്ട്രാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
മാനേജർ, ശ്രീ നാരായണ കോളേജ്, കൊല്ലം
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ 1508 പ്രകാരം)
ധനകാര്യവകുപ്പ് (27.03.2023-ലെ 1437409/Edn-B3/28/2020/ധന പ്രകാരം)
ഐ & പി ആർ ഡി ( വെബ് & ന്യൂ മീഡിയ)(ക്യാബിനറ്റ് കുറിപ്പ് സഹിതം)
www.highereducation.kerala.gov.in
കരുതൽ പകർപ്പ് (D2/42/2023/HEdn)

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
Date: 12-05-2023 12:15:15
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-05-2023

ഫയൽ നം. ഡി2/42/2023/ഉ.വി.വ. ഇനം നം: 1508

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - നാട്ടിക എസ്. എൻ. കോളേജിൽ പുതിയ 3 മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി2/42/2023/ഉ.വി.വ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | : | ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - നാട്ടിക എസ്.എൻ. കോളേജിൽ പുതിയ 3 മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.04.2023 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജി.ഹരികുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഇഷിത റോയ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.04.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.05.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് മന്ത്രി അംഗീകരിച്ച തീയതി | : | 04.05.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.05.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. നാട്ടിക എസ്.എൻ. കോളേജിൽ പുതിയ 3 മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് പി.ജി. വെയ്റ്റേജ് ഇല്ലാതെ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാണെന്ന് കർശനമായി ഉറപ്പ വരുത്തി, 30.12.2020-ലെ സ.ഉ. (കൈ) നം. 471/2020/ഉ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ 721 പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച സമഗ്രമായ ശുപാർശയിൽ ചില കോളേജുകളിൽ തസ്തിക സൃഷ്ടിക്കുന്നത് വിട്ടുപോയി (ഇത് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഭാഗത്തുനിന്നുണ്ടായ പിഴവാണ്). മേൽക്കാരണത്താൽ നാട്ടിക എസ്.എൻ. കോളേജിന് അർഹരായ 3 മലയാളം അദ്ധ്യാപക തസ്തികകൾ 721 പുതിയ തസ്തികകളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. ഈ അപാകത പരിഹരിച്ച് നൽകണമെന്ന് അപേക്ഷിച്ച കൊണ്ട് എസ്എൻ കോളേജ് മാനേജർ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും നാട്ടിക എസ്.എൻ. കോളേജിൽ 3 മലയാളം തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശ ചെയ്ത് കൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും ഉണ്ടായി.

3. നാട്ടിക എസ്എൻ കോളേജിൽ മലയാളത്തിന്റെ ആകെ ജോലിഭാരം 113 മണിക്കൂറാണെന്നതിനാൽ 7 തസ്തികകൾക്ക് അർഹതയുണ്ട് (16*7= 112). എന്നാൽ ടി കോളേജിൽ നിലവിൽ 4 തസ്തികകൾ മാത്രമാണുള്ളത്. ആയതിനാൽ 3 തസ്തികകൾ കൂടി സൃഷ്ടിക്കാൻ അർഹതയുണ്ട്.

4. എസ്എൻ കോളേജ് നാട്ടികയിൽ 3 പുതിയ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

***GO(Ms) No.471/2020/H.Edn dated 30-12-2020 ഉത്തരവിൽ ഉൾപ്പെടാതെ പോയ തസ്തികകളായതിനാൽ മന്ത്രിസഭാനുമതിയ്ക്ക് വിധേയമായി നാട്ടിക എസ്.***

***എൻ കോളേജിലെ മലയാളം വിഭാഗത്തിൽ പുതുതായി 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നതായി അറിയിക്കുന്നു.***

***ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.***

5. 30.12.2020-ലെ സ.ഉ.(കൈ) നം. 471/2020/ഉ.വി.വ. ഉത്തരവിൽ ഉൾപ്പെടാതെ പോയ തസ്തികകളായതിനാൽ നാട്ടിക എസ്. എൻ. കോളേജിലെ മലയാളം വിഭാഗത്തിൽ പുതുതായി 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യ മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യ മന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

പി.ജി. വെയ്റ്റേജ് ഇല്ലാതെ 16 മണിക്കൂർ നിർബന്ധിത ജോലിഭാരം കർശനമായി ഉറപ്പ് വരുത്തി 30.12.2020-ലെ സ.ഉ.(കൈ) നം.471/2020/ഉ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ സൃഷ്ടിച്ച 721 പുതിയ അധ്യാപക തസ്തികകളിൽ ഉൾപ്പെടാതെ പോയ 3 മലയാളം അദ്ധ്യാപക തസ്തികകൾ നാട്ടിക എസ്. എൻ. കോളേജിൽ സൃഷ്ടിക്കാവുന്നതാണോ?